**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4226*** ***17.05.2017 ലെ മറുപടിക്ക്.***

**ലോക കേരളസഭയ്ക്ക് രൂപം നൽകാനുള്ള പദ്ധതി**

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.വി. കെ. സി. മമ്മത് കോയ
ശ്രീ.എം. മുകേഷ്

ഉത്തരം

ശ്രീ. പിണറായി വിജയൻ
**(മുഖ്യമന്ത്രി)**

| | |
|---|---|
| **(എ)** ലോക കേരള സഭയ്ക്ക് രൂപം നൽകാനുള്ള, ഈ സർക്കാരിന്റെ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ; | **(എ)** ലോക കേരള സഭ എന്ന പുതിയ പദ്ധതിയ്ക്ക് ബഡ്ജറ്റിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ബി)** സ്വദേശവും പ്രവാസി മലയാളികളും തമ്മിലുള്ള സമ്പർക്ക പ്രധാന്യം കണക്കിലെടുത്ത് കേരളത്തിനകത്തും പുറത്തുമുള്ള മലയാളികൾക്ക് പ്രാതിനിധ്യം നൽകി മേഖലാടിസ്ഥാനത്തിൽ ലോക കേരള സഭയ്ക്ക് രൂപം നൽകാമോ;<br><br>**(സി)** രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പ്രവാസികളെ ഔദ്യോഗികമായി അംഗീകരിക്കുന്നതിനും അവരുടെ പ്രതിനിധികൾക്ക് ഒരുമിച്ചുകൂട്ടുന്നതിനും സഹായകരമായ രീതിയിൽ സഭ രൂപീകരിക്കാമോ;<br><br>**(ഡി)** ലോക കേരള സഭ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്നും അതിന്റെ ആദ്യ സമ്മേളനം എപ്പോൾ നടത്താൻ സാധ്യമാകുമെന്നും വെളിപ്പെടുത്താമോ? | **(ബി),(സി)&(ഡി** പ്രവാസികളുടെ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗ നിർദ്ദേശം ലഭിയ്ക്കുന്നതിനും ലോകകേരളസഭ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിയമസഭാ സമാജികരും, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവാസിമലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാനും, വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനും പദ്ധതിയുണ്ട്. 2018 ജനുവരി മാസം ആദ്യ സമ്മേളനം നടത്താൻ ഉദ്ദേശിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ